# കേരള സർവകലാശാല

നം. പി.ആർ.142/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ബി.എ പരീക്ഷാ കേന്ദ്രത്തിൽ മാറ്റം

കേരള സർവകലാശാല ആഗസ്റ്റ് അഞ്ചിന് തുടങ്ങുന്ന നാലാം സെമസ്റ്റർ എം.ബി.എ (2009 സ്കീം - ഫുൾടൈം) സപ്ലിമെന്ററി & മേഴ്സിചാൻസ് പരീക്ഷയ്ക്ക് മൺവിള കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & ടെക്നോളജി കേന്ദ്രമായി അപേക്ഷിച്ചിട്ടുള്ളവർ കരകുളം കക്കോട് ജി.കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് കോളേജ് ഓഫ് മാനേജ്മെന്റ് & ടെക്നോളജിയിൽ പരീക്ഷയെഴുതണം.

### പുതുക്കിയ പരീക്ഷാ ടൈംടേബിൾ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം പി.എം.ജിയിലെ സി.എ.സി.ഇ.ഇ, കൊല്ലം ടി.കെ.എം കോളേജ്, കാഞ്ഞിരംകുളം കെ.എൻ.എം കോളേജ്, ശാസ്താംകോട്ട യു.ഐ.ടി എന്നിവിടങ്ങളിൽ ആഗസ്റ്റിൽ നടത്താനിരുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിന്റെ പുതുക്കിയ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. ആഗസ്റ്റ് 17, 18, 19, 22, 23, 25 തീയതികളിൽ രാവിലെ 10 മണിമുതൽ 12 മണിവരെ അതത് കേന്ദ്രങ്ങളിൽ നടത്തും. ഫോൺ 0471-2302523.

### യോഗ & മെഡിറ്റേഷൻ ഈവനിംഗ് കോഴ്സ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ ആൻഡ് മെഡിറ്റേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ് ടു/പ്രീഡിഗ്രി ജയം. കാലാവധി മൂന്ന് മാസം. സമയം വൈകുന്നേരം അഞ്ച് മുതൽ ഏഴ് വരെ. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 12. ഫോൺ 0471-2302523.

### പി.ജി ഡിപ്ലോമ ഇൻ കൗൺസലിംഗ് സൈക്കോളജി : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം കൊല്ലം ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളേജിൽ തുടങ്ങുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കൗൺസലിംഗ് സൈക്കോളജി കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് യോഗ്യത. താൽപര്യമുള്ളവർ കോളേജ് ഓഫീസിൽ നിന്നും നിശ്ചിത ഫോറം വാങ്ങി പൂരിപ്പിച്ച് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം കോളേജിൽ നൽകണം. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 18. ഫോൺ. 0474-2712240.

### എം.എ മ്യൂസിക് പ്രാക്ടിക്കൽ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം രണ്ടാം വർഷ എം.എ മ്യൂസിക് (റഗുലർ - 2016) പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് എട്ട് മുതൽ വഴുതക്കാട് മ്യൂസിക് പഠനവകുപ്പിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സപ്ലിമെന്ററി

വിദ്യാർത്ഥികളുടെ പ്രാക്ടിക്കൽ പരീക്ഷയുടെ തീയതി പിന്നീട് പ്രസിദ്ധീകരിക്കും.

## എം.ബി.എ/ബി.ബി.എ ഇന്റേണൽ മാർക്ക്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ (2014 ബാച്ച്), മൂന്നാം സെമസ്റ്റർ ബി.ബി.എ (2014 ബാച്ച്) ഇന്റേണൽ മാർക്ക് പ്രസിദ്ധീകരിച്ചു. പരാതിയുള്ളവർ 10 ദിവസത്തിനകം കോ-ഓർഡിനേറ്ററെ അറിയിക്കണം.

## ബി.ടെക് പുനർമൂല്യനിർണ്ണയം

കേരള സർവകലാശാല അഞ്ചാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയത്തിനായി ആഗസ്റ്റ് എട്ട് വരെ ഓൺലൈൻ വഴി അപേക്ഷിക്കാം.

## ലക്ചറർ : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല പാളയം വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ കരാറടിസ്ഥാനത്തിൽ ലക്ചറർ (ഇക്കണോമിക്സ്) നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 16 വൈകുന്നേരം അഞ്ച് മണി. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

## എം.ബി.എ പ്രവേശനം

കേരള സർവകലാശാല പുനലൂർ, അടൂർ, കൊല്ലം, വർക്കല, ആലപ്പുഴ, കുണ്ടറ എന്നിവിടങ്ങളിലെ യു.ഐ.എം-കൾ, പൂജപ്പുര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, കാര്യവട്ടം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള (ടൂറിസം, ഈവനിംഗ്) എന്നിവിടങ്ങളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് എം.ബി.എ (2016-17) പ്രവേശനത്തിന് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള യോഗ്യരായ വിദ്യാർത്ഥികൾ ആഗസ്റ്റ് ആറ് രാവിലെ 10 മണിക്ക് അതത് പ്രിൻസിപ്പൽ (യു.ഐ.എം)/വകുപ്പ് മേധാവി (ഐ.എം.കെ) മുമ്പാകെ ഹാജരാകണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
04.08.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098